**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1497** **11-09-2023 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി. പ്രായ പരിധിയും തുല്യതാ പരീക്ഷയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാവുന്നതിന് പ്രായപരിധി നിശ്ചയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള വിജ്ഞാപന പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് പരീക്ഷാർത്ഥികൾക്ക് ജൂൺ മാസം 1-ാം തീയതി 14 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്. കുറഞ്ഞ പ്രായപരിധിയിൽ 6 മാസം വരെ ഇളവ് അനുവദിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും 6 മാസത്തിലധികമുള്ള വയസ്സിളവ് 02/11/2011-ലെ സ.ഉ.(എം.എസ്) 224/2011/പൊ.വി.വ പ്രകാരം സർക്കാരിനും അനുവദിക്കുന്നതിനുള്ള അധികാരമുണ്ട്. സ്കൂളുകളിൽ റഗുലർ വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) | എൻ.ഐ.ഒ.എസ്. പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് എസ്.സി.ഇ.ആർ.ടി. യുടെ തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രായ പരിധി നിശ്ചയിക്കുന്നതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (ബി) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന്റെ സെക്കന്ററി / സീനിയർ സെക്കന്ററി കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിനു വേണ്ടി പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സ.ഉ.(സാധാ)നം.4411/2019/ പൊ.വി.വ, തീയതി 24/10/2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>പകർപ്പ് അനുബന്ധം - I ആയി ചേർക്കുന്നു.<br><br>കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ ഔപചാരിക വിദ്യാഭ്യാസത്തിലൂടെ നേടുവാൻ കഴിയുന്ന എല്ലാവിധ അനുഭവങ്ങളും ലഭ്യമാക്കുന്ന തരത്തിലുള്ള അക്കാദമികവും ഭൗതികവുമായ സംവിധാനങ്ങൾ നിലവിൽ ലഭ്യമാണ്. ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനം പൂർത്തിയാക്കുവാൻ കേരളത്തിലെ എല്ലാ വിഭാഗം കുട്ടികൾക്കും കഴിയുന്ന സാഹചര്യവും നിലവിലുണ്ട്. വളരെ വികസിതമായ അക്കാദമിക അന്തരീക്ഷം കേരളത്തിൽ നിലനിൽക്കെ ഔപചാരിക സ്വഭാവത്തിൽ നിന്നും ഏറെ വിഭിന്നമായി പഠന അനുഭവങ്ങൾ ലഭ്യമാകാതെ കേവലം പരീക്ഷാ |

| | | | |
|---|---|---|---|
| | | | **കേന്ദ്രീകൃതമായ നടന്നു വരുന്ന രീതിയാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിന്റെ സെക്കന്ററി / സീനിയർ സെക്കന്ററി കോഴ്സുകളുടെ ഭാഗമായി നടക്കുന്നത്. ഇത്തരം ലഘുവായ മാർഗ്ഗങ്ങളിലൂടെ കോഴ്സുകൾ പാസ്സായി സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുന്നവരുടെ എണ്ണം വർഷാവർഷം കൂടി വരുകയാണ്. സെക്കന്ററി / സീനിയർ സെക്കന്ററി കോഴ്സുകളുടെ ഭാഗമായി നേടിയെടുക്കുന്ന ശേഷികളും നൈപുണികളും പ്രായോഗിക ജീവിതത്തിന്റെ ഭാഗമായാണ് പ്രയോഗവൽക്കരിക്കപ്പെടുന്നത്. അത്തരത്തിൽ നേടേണ്ട ശേഷികളും ക്ലാസ് റൂം അനുഭവവും ടീച്ചറും കുട്ടിയും തമ്മിലുള്ള ബന്ധം ഉൾപ്പെടെയുള്ളവ എൻ.ഐ.ഒ.എസ് ന്റെ ഭാഗമായി ലഭ്യമാകുന്നില്ല എന്നുള്ളതാണ് പൊതുവായി വിലയിരുത്തപ്പെടുന്നത്. കേരളത്തിലെ സെക്കന്ററിയുടേയും സീനിയർ സെക്കന്ററിയുടേയും ഭാഗമായി പഠിക്കുന്ന ഉള്ളടക്ക വിഭാഗങ്ങളിൽ വളരെക്കുറവ് വിഭാഗം മാത്രമാണ് NIOS ൽ പഠിക്കുന്നത്. പ്രായപരിധി നിശ്ചയിക്കുന്നതിലൂടെ വിദൂര വിദ്യാഭ്യാസത്തിലൂടെ കോഴ്സുകൾ പാസ്സാകുന്നവരുടെ എണ്ണം കുറയ്ക്കുവാനാകും. ഇത്തരത്തിലുള്ള കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രായപരിധി നിശ്ചയിക്കുവാൻ പ്രധാനമായും ഇടയായത്.** |
| (സി) | എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടേതിന് സമാനമായി എൻ.ഐ.ഒ.എസ്. പാസ്സായവർക്കും തുല്യത ലഭിക്കാൻ പ്രായപരിധി ഏകീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | **കേരള പരീക്ഷാഭവന്റെ നേതൃത്വത്തിൽ നടന്നുവരുന്ന റഗുലർ രീതിയിലുള്ള എസ്.എസ്.എൽ.സി. യെയും NIOS നടത്തുന്ന സെക്കന്ററി കോഴ്സുകളുടെയും ഒരേ രീതിയിൽ പരിഗണിക്കുവാൻ കഴിയില്ല. വിഷയങ്ങളുടെ ഉള്ളടക്കം, എണ്ണം എന്നിവ പരിശോധിക്കുമ്പോഴും NIOS കോഴ്സിനേക്കാൾ കേരള എസ്.എസ്.എൽ.സി യുടെ അക്കാദമിക നിലവാരം വളരെ മെച്ചപ്പെട്ട നിലയിലാണ്. ഇതു കൂടാതെ റഗുലർ കോഴ്സുകളെ വിദൂര രീതിയിൽ നടക്കുന്ന കോഴ്സുകളുമായി ഒരു പോലെ താരതമ്യപ്പെടുത്തുവാനും കഴിയില്ല. ആയതിനാൽ പ്രായപരിധി ഏകീകരിക്കുവാൻ കഴിയില്ല.** |
| (ഡി) | പ്രായപരിധി ഏകീകരിക്കാത്തത് മൂലം തത്തുല്യ പരീക്ഷ പാസ്സാവുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷം നഷ്ടമാവുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | **പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (എൻ.ഐ.ഒ.എസ് )- സെക്കണ്ടറി -സീനിയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് -തുല്യത അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ -പരിഷ്കരിച്ച് ഉത്തരവാകുന്നു

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ.) നം.4411/2019/പൊ.വി.വ. തീയതി,തിരുവനന്തപുരം, 24/10/2019

പരാമർശം:-1) Resolution No.F6-2/89-Sch.III dated 21.11.1989 of Government of India

2) 11.12.2002 ലെ കേന്ദ്ര മാനവ വിഭവ വികസന മന്ത്രാലയത്തിന്റെ ( Department of Elementary Education & Literacy) ന്റെ F 3/11/2002-EGS-1 നമ്പർ കത്ത് .

3) 12.05.2011 ലെ സ .ഉ (സാധാ ) 1768/2011/ പൊ .വി .വ നമ്പർ ഉത്തരവ് .

4) 12.07.2019 ലെ എസ് .സി.ഇ.ആർ.ടി കരിക്കുലം സബ് കമ്മിറ്റി തീരുമാനം.

## ഉത്തരവ്

കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന് കീഴിൽ പരാമർശം (1) തീരുമാന പ്രകാരം സ്ഥാപിതമായ സ്വയംഭരണ സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് (എൻ.ഐ.ഒ.എസ്). ഏതെങ്കിലും കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കാൻ കഴിയാതെ പോയവർക്ക് വിദ്യാഭ്യാസം നേടുന്നതിനായി വിദൂര വിദ്യാഭ്യാസ രീതിയിൽ പ്രീ-ഡിഗ്രി തലം വരെയുള്ള പഠനം നടത്തുന്നതിനായാണ് ടി സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. എൻ. ഐ ഒ.എസ് കോഴ്സുകൾക്ക് സംസ്ഥാന ബോർഡുകൾ നൽകുന്ന തത്തുല്യ കോഴ്സുകളുമായി തുല്യത അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയം പരാമർശം (2)പ്രകാരം നിർദേശിച്ചിരുന്നു.

ഈ സാഹചര്യത്തിൽ സംസ്ഥാന പരീക്ഷ ബോർഡുകൾ നടത്തുന്ന എസ് .എസ് .എൽ .സി/ പ്ലസ് ടു കോഴ്സുകളുടെ സർട്ടിഫിക്കറ്റുകളുമായി എൻ.ഐ.ഒ.എസ് നൽകുന്ന സെക്കന്ററി/സീനിയർ സെക്കന്ററി സർട്ടിഫിക്കറ്റുകൾക്ക് തുല്യത അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ പരാമർശം (3) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായുള്ള നിർദേശം സമർപ്പിക്കുവാൻ സർക്കാർ. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ് .സി.ഇ.ആർ.ടി) യോട് ആവശ്യപ്പെട്ടതനുസരിച്ച് പരാമർശം (4) പ്രകാരം എസ് .സി.ഇ.ആർ.ടി ഡയറക്ടർ നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. എസ് .സി.ഇ.ആർ.ടി യുടെ കരിക്കുലം സബ്കമ്മിറ്റിയുടെ നിർദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. എൻ.ഐ.ഒ.എസ് സർട്ടിഫിക്കറ്റുകൾക്ക തുല്യത നൽകുന്നതിനായി പുറപ്പെടുവിച്ചിരുന്ന പരാമർശം (3)ഉത്തരവ് ചുവടെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് ഉത്തരവാകുന്നു.

**എൻ.ഐ.ഒ.എസ്. സെക്കണ്ടറി സർട്ടിഫിക്കറ്റ് കേരള എസ്.എസ്.എൽ.സിയുമായി തുല്യത നൽകുന്നതിനുള്ള മാനദണ്ഡം .**

എ) സെക്കണ്ടറി തലത്തിൽ രണ്ട് ഭാഷാ വിഷയങ്ങളും സാമൂഹിക ശാസ്ത്രം, ശാസ്ത്രം, ഗണിതം എന്നി അഞ്ച വിഷയങ്ങളും നിർബന്ധമായി പഠിക്കുകയും ഓരോ വിഷയത്തിനും കുറഞ്ഞത് ഡി+ ഗ്രേഡ് അല്ലെങ്കിൽ 30% മാർക്ക് നേടി ഉപരിപഠനത്തിന് യോഗ്യത നേടിയിരിക്കുകയും വേണം.

ബി) രണ്ട് ഭാഷാവിഷയങ്ങളിൽ ഒന്ന് മാതൃഭാഷയായ മലയാളമായിരിക്കണം.

സി) മലയാള ഭാഷ പഠിക്കാത്ത വിദ്യാർത്ഥികൾ കേരള സർക്കാർ അംഗീകരിക്കുന്ന മലയാളം സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ പാസാകുന്ന ഘട്ടത്തിൽ തുല്യത നൽകുന്നതിന് പരിഗണിക്കുന്നതാണ് .

ഡി)തുല്യത സർട്ടിഫിക്കറ്റിന് അപേക്ഷിക്കുവാൻ അപേക്ഷകൻ/അപേക്ഷക 17 വയസ്സ് പൂർത്തിയാക്കിയിരിക്കണം.

**എൻ.ഐ.ഒ.എസ്,സീനിയർ സെക്കണ്ടറി കോഴ്സുകൾക്ക് കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഹയർ സെക്കന്ററി കോഴ്സുകളുമായി തുല്യത നൽകുന്നതിനുള്ള മാനദണ്ഡം**

എ) സീനിയർ സെക്കണ്ടറി തലത്തിൽ അഞ്ച് വിഷയങ്ങൾ വിജയിച്ചിരിക്കുകയും ഓരോ വിഷയത്തിലും കുറഞ്ഞത് ഡി+ ഗ്രേഡ് അല്ലെങ്കിൽ തത്തുല്യമായ 30% മാർക്ക് നേടി ഉപരി പഠനത്തിന് യോഗ്യത നേടിയിരിക്കുകയും വേണം

ബി) എൻ.ഐ.ഒ.എസ് സീനിയർ സെക്കണ്ടറി തലത്തിൽ രണ്ട് ഭാഷാവിഷയങ്ങളും മൂന്ന് കോർ വിഷയങ്ങളും നിർബന്ധമായും പഠിച്ചിരിക്കണം രണ്ട് ഭാഷാവിഷയങ്ങളിലൊന്ന് ഇംഗ്ലീഷായിരിക്കണം.

സി) പ്രാക്ടിക്കൽ ഉള്ള വിഷയ കോമ്പിനേഷനുകളുടെ കാര്യത്തിൽ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി കോഴ്സുകളിൽ പ്രാക്ടിക്കൽ ഉള്ള സബ്ജക്ട് കോമ്പിനേഷന്റെ ഏതെങ്കിലും ഒരു സബ്ജക്ട് കോഡിൽ ഉൾപ്പെട്ടതായിട്ടുള്ള നാല് ഐച്ഛിക വിഷയങ്ങളിൽ ഏതെങ്കിലും മൂന്ന് ഐച്ഛിക വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠിച്ചവരായിരിക്കണം.

ഡി) പ്രാക്ടിക്കൽ ഇതര സബ്ജക്ട് കോമ്പിനേഷനുകളുടെ കാര്യത്തിൽ സംസ്ഥാനത്തെ ഹയർ സെക്കണ്ടറി കോഴ്സിന്റെ ഏതെങ്കിലും വിഷയ കോമ്പിനേഷനുകളിൽ ഉൾപ്പെട്ടിട്ടുള്ള മൂന്ന് ഐച്ഛിക വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠിച്ചവരായിരിക്കണം

ഇ) തുല്യത സർട്ടിഫിക്കറ്റിന് അപേക്ഷിക്കുവാൻ അപേക്ഷകൻ/അപേക്ഷക 19 വയസ്സ് പൂർത്തിയാക്കിയിരിക്കണം.

കേരള ഹയർ സെക്കന്ററി വിഷയ കോമ്പിനേഷനുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എസ് .കൃഷ്ണകുമാർ
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം.
ഡയറക്ടർ ,എസ് .സി .ഇ.ആർ .ടി.,പൂജപ്പുര,തിരുവനന്തപുരം.
സെക്രട്ടറി പരീക്ഷാ ഭവൻ ,പൂജപ്പുര,തിരുവനന്തപുരം .
സെക്രട്ടറി,ഹയർ സെക്കന്ററി എക്സാമിനേഷൻ ബോർഡ് ,തിരുവനന്തപുരം.
സെക്രട്ടറി,ബോർഡ് ഓഫ് വൊക്കേഷണൽ ഹയർ സെക്കന്ററി എക്സാമിനേഷൻസ് ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,സ്കോൾ കേരള,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എ ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ ക്ക്

15



Kerala Higher Secondary Subject Combinations

Science Group

| Subject Code | Subject Combination |
|---|---|
| 01 | Physics,Chemistry,Biology,Mathematics |
| 02 | Physics,Chemistry,Biology,Home Science |
| 03 | Physics,Chemistry,Home Science,Mathematics |
| 04 | Physics,Chemistry,Geology Mathematics |
| 05 | Physics,Chemistry,Mathematics,Computer Science |
| 06 | Physics,Chemistry,Mathematics,Electronics |
| 07 | Physics,Chemistry,Computer Science,Geology |
| 08 | Physics,Chemistry,Mathematics ,Statistics |
| 09 | Physics,Chemistry,Biology,Psychology |

Humanities Group

| Subject Code | Subject Combination |
|---|---|
| 10 | History ,Economics,Political Science,Geography |
| 11 | History ,Economics,Political Science,Sociology |
| 12 | History ,Economics,Political Science,Geology |
| 13 | History ,Economics,Political Science,Music |
| 14 | History ,Economics,Political Science,Gandhian Studies |
| 15 | History ,Economics,Political Science,Philosophy |
| 16 | History ,Economics,Political Science,Social Work |
| 17 | Islamic History ,Economics,Political Science,Geography |
| 18 | Islamic History ,Economics,Political Science,Sociology |
| 19 | Sociology,Social Work,Psycology,Gandhian Studies |
| 20 | History ,Economics,Political Science,Psycology |
| 21 | History ,Economics,Political Science,Anthropology |
| 22 | History ,Economics,Geography,Malayalam |
| 23 | History ,Economics,Geography,Hindi |
| 24 | History ,Economics,Geography,Arabic |
| 25 | History ,Economics,Geography,Urdu |
| 26 | History ,Economics,Geography,Kannada |
| 27 | History ,Economics,Geography,Tamil |
| 28 | History ,Economics,Sanskrit Sahitya,Sanskrit Sastra |
| 29 | History ,Economics,Philosophy,Sanskrit Sahitya,Sanskrit Sastra |
| 30 | History ,Economics,Political Science,Statistics |
| 31 | Sociology,Social Work,Psycology,Statistics |
| 32 | Economics,Statistics,Anthopology,Social Work |
| 33 | Economics,Gandhian Studies,Comminucative English,Computer Application |
| 34 | Sociology,Journalism,Comminucative English,Computer Application |
| 35 | Journalism,English Literature,Comminucative English,Psycology |
| 41 | History ,Economics,Sociology,Malayalam |
| 42 | History ,Economics,Political Science,Malayalam |
| 44 | Social Work,Journalism,Communicative English,Computer Application |
| 45 | History ,Economics,Sociology,Hindi |
| 46 | History ,Economics,Sociology,Arabic |

Commerce Group

| Subject Code | Subject Combination |
|---|---|
| 36 | Business Studies,Accountancy,Economics,Mathematics |
| 37 | Business Accountancy,Economics,Statistics |
| 38 | Business Studies,Accountancy,Economics,Political Science |
| 39 | Business Studies,Accountancy,Economics,Computer Application |